**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5268** **21-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ബിരുദ കോഴ്സ് ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ തൊഴിൽശേഷിയും ഗവേഷണാഭിരുചിയും വികസിപ്പിക്കുന്നതിന് സർവ്വകലാശാലാ-കോളേജ് തലങ്ങളിൽ എന്തെല്ലാം പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന തിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയുള്ള ജ്ഞാനസമ്പദ്‌വ്യസ്ഥയിലധിഷ്ഠിതമായ നവകേരള നിർമിതി കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്.<br><br>മൂന്നുവർഷം കഴിയുമ്പോൾ ബിരുദത്തോടെ പുറത്തുപോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ബിരുദവും, നാലുവർഷം പഠിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ഓണേഴ്സ് ബിരുദവും ഓണേർസ് വിത്ത് റിസർച്ച് എന്ന ബിരുദവും ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.<br><br>നാലുവർഷ ബിരുദ പ്രോഗ്രാം തെരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്കൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇന്റേൺഷിപ്പ് പൂർത്തിയാക്കണം. സമ്മർ അവധി കാലത്താണ് ഈ കോഴ്സ് ചെയ്യേണ്ടത്. |
| (ബി) | സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ ബിരുദ കോഴ്സ് ഘടന പ്രസ്തുത ലക്ഷ്യം നേടുന്നതിന് സഹായകമാണോയെന്ന് അറിയിക്കുമോ; | (ബി) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ |

| | | | |
|---|---|---|---|
| | | | പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നു.<br><br>ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണി വികസനത്തിനും (skilling, upskilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. |
| (സി) | കുട്ടികൾക്ക് അവരുടെ അഭിരുചിക്കും ശേഷിക്കും അനുസരിച്ച് പഠനം രൂപകല്പന ചെയ്യാൻ പറ്റുന്നവിധം വിദ്യാർത്ഥി കേന്ദ്രീകൃതമായിട്ടാണോ കോഴ്സ് ഘടനയിൽ പഠനപ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി മുന്നേറാനുള്ള അവസരമാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്. ഇഷ്ട വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കാനുള്ള സ്വാതന്ത്ര്യമാണ് നാലുവർഷ ബിരുദ കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. മേജർ വിഷയത്തോടൊപ്പം തന്നെ ഇഷ്ടമുള്ള വിഷയങ്ങൾ മൈനറായി തിരഞ്ഞെടുത്തു പഠിക്കാം. ആദ്യ രണ്ടു സെമസ്റ്ററുകളിൽ പഠിച്ച വിഷയങ്ങളിൽ താൽപര്യമുള്ളവ മൂന്നാം സെമസ്റ്റർ മുതൽ മേജർ ആയി പഠിക്കാം. മൈനർ ആയി പഠിച്ച വിഷയങ്ങളും മേജർ ആക്കി മാറ്റാൻ സാധിക്കും. കോളേജിലെ കോഴ്സിന് പുറമേ, പുറത്തുനിന്നും ഓൺലൈൻ കോഴ്സുകൾ പഠിച്ച് നിശ്ചിത ക്രെഡിറ്റ് നേടാം. താൽപര്യമുള്ള വിഷയങ്ങൾക്കനുസരിച്ച് കോളേജും സർവകലാശാലയും വരെ മാറാനുള്ള അവസരം ഇത് നൽകുന്നു. |

സെക്ഷൻ ഓഫീസർ